സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

നമ്പർ Q23/2023-2024

അസിസ്റ്റന്റ് എഞ്ചിനീയർ ഓഫീസ്
എസ്സ് ഡി പി – പമ്പ.
തീയ്യതി: 23/11/2023

പമ്പ അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയത്തിന്റെ ഔദ്യോഗിക ആവശ്യത്തിലേക്ക് 1199-മാണ്ട് മണ്ഡല-മകരവിളക്ക് മഹോത്സവം തീരുന്നത് വരെ (26/11/2023 to 21/01/2024) വാടകയ്ക്ക് 7 സീറ്റർ വാഹനം (മഹേന്ദ്ര ബോലേറോ, മഹേന്ദ്ര Xylo, മഹേന്ദ്ര ജീപ്പ് തുടങ്ങിയവ, ഇന്നോവ പോലുള്ള ആഡംബര വാഹനങ്ങൾ ഒഴികെ) നൽകുവാൻ താല്പര്യമുള്ള വാഹനഉടമകളിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള ക്വട്ടേഷൻ ക്ഷണിക്കുന്നു.

ക്വട്ടേഷൻസ്വീകരിക്കുന്നസ്ഥലംസമയം: അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയം പമ്പ

ക്വട്ടേഷൻ തീയതി :25/11/2023, 12.00 pm വരെ

ക്വട്ടേഷൻ തുറക്കുന്ന തീയതി, സമയം : 25/11/2023, 12.30 pm

## വ്യവസ്ഥകൾ

1. ആകെ 57 ദിവസത്തേക്ക് (26/11/2023 to 21/01/2023) 4000 കിലോമീറ്റർ സഞ്ചരിക്കുന്നതിനുള്ള നിരക്കാണ് രേഖപ്പെടുത്തേണ്ടത്.
2. താൽക്കാലികമായി അംഗീകരിക്കപ്പെട്ട കരാറുകാരൻ സ്വയം ചെലവിൽ 200/- രൂപയുടെ മുദ്രപത്രത്തിൽ അംഗീകരിച്ചു 5 ദിവസത്തിനുള്ളിൽ അന്തിമ കരാർ പത്തനംതിട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസിൽ വയ്ക്കേണ്ടതാണ്.
3. ഇന്ധന ചെലവ്, വാഹനത്തിന്റെ അറ്റകുറ്റപ്പണികൾ, ഡ്രൈവറുടെ ശമ്പളം, ബാറ്റ, വാഹനത്തിന്റെ മറ്റുള്ള ചെലവുകളും കരാറുകാരൻ വഹിക്കേണ്ടതാണ്.
4. വാഹനത്തിന്റെ ടാക്സി പെർമിറ്റ്, പാൻ കാർഡ് ഉൾപ്പെടെ നിയമപരമായ എല്ലാ രേഖകളും ഉണ്ടായിരിക്കേണ്ടതും ആയതിന്റെ പകർപ്പ് കൊട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതുമാണ്.
5. ഓഫീസ് മേധാവിയുടെ നിർദ്ദേശങ്ങൾ പാലിക്കാതെ വന്നാൽ 7 ദിവസം മുമ്പ് നോട്ടീസ് നൽകി കരാർ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം ഓഫീസ് മേധാവിയിൽ നിക്ഷിപ്തമായിരിക്കും.
6. വാഹനം മികച്ച പ്രവർത്തനക്ഷമതയുള്ളതും 2017-നു (അതായത് 2018-2023) ശേഷമുള്ളതുമായിരിക്കണം.
7. വാഹനം എന്തെങ്കിലും അടിയന്തര സാഹചര്യം മൂലം നൽകാൻ കഴിയാതെ വന്നാൽ പകരം ഇതേ തരം വാഹനം തന്നെ ഏർപ്പെടുത്തേണ്ടതാണ്
8. മണ്ഡല-മകരവിളക്ക് മഹോത്സവം നടക്കുന്നതിനാൽ മുഴുവൻ സമയവും വാഹനവും ഡ്രൈവറും ഓഫീസിൽ തന്നെ ലഭ്യമാക്കേണ്ടതാണ്

9. കരാർ സമയത്തെ അംഗീകരിക്കുന്ന നിരക്കിൽ കരാർ കാലയളവിൽ ഉണ്ടായേക്കാവുന്ന ഇന്ധനവില വർധന പരിഗണിക്കുന്നതല്ല.

10. ലോഗ് ബുക്ക് ഓഫീസറുടെ നിയന്ത്രണത്തിൽ സൂക്ഷിക്കേണ്ടതും യാത്ര സംബന്ധിച്ച വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തേണ്ടതുമാണ്.

11. ഓഫീസിൽനിന്ന് പുറപ്പെട്ട് ഓഫീസിൽ തിരിച്ചെത്തുന്ന ദൂരം ആയിരിക്കും കിലോമീറ്റർ കണക്കാക്കുന്നതിന് പരിഗണിക്കുന്നത്.

12. ക്വട്ടേഷൻ ഇതോടൊപ്പം ചേർത്തിട്ടുള്ള മാതൃക ഫോറത്തിലാണ് സമർപ്പിക്കേണ്ടത്.

13. മണ്ഡല-മകരവിളക്ക് ഉത്സവം നടക്കുന്നതിനാൽ ക്വട്ടേഷൻ തുറന്ന് അടുത്ത ദിവസം തന്നെ വാഹനം എത്തിക്കേണ്ടതാണ്.

14. ക്വട്ടേഷൻ സ്വീകരിക്കുന്നതിനും നിരാകരിക്കുന്നതിനും ഓഫീസ് മേധാവിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

ക്വട്ടേഷനുമായി ബന്ധപ്പെട്ട് കൂടുതൽ വിവരങ്ങൾ എല്ലാ ദിവസങ്ങളിലും ഏതുസമയത്തും ഈ ഓഫീസിൽ നിന്നും അറിയാവുന്നതാണ്. (Mob.9447412141)

OFFICE OF THE ASSISTANT ENGINEER SABARIMALA DEVELOPMENT PROJECT PAMBA

Date:..........................

ASSISTANT ENGINEER
SABARIMALA DEVELOPMENT PROJECT
TRAVANCORE DEVASWOM BOARD
PAMBA

# ഹ്രസ്വകാല ക്വട്ടേഷൻ നോട്ടീസ്

## അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയം പമ്പ

| | |
|---|---|
| ക്വട്ടേഷൻ സമർപ്പിക്കുന്ന വ്യക്തിയുടെ പേര് | |
| മേൽവിലാസം, ഫോൺ നമ്പർ | |
| വാഹനത്തിന്റെ തരം | |
| മോഡൽ | |
| രജിസ്ട്രേഷൻ നമ്പർ | |
| ആകെ 57 ദിവസം (25/11/2023 to 21/01/2023) ദിവസത്തേക്ക് 4000 കിലോമീറ്റർ വരെ യാത്ര ചെയ്യുന്നതിന് ക്വാട്ട് ചെയ്യുന്ന തുക | |
| 4000 കിലോമീറ്റർ കൂടുതൽ ഓടേണ്ടതായി വന്നാൽ Per കിലോമീറ്റർ ചാർജ് | |

സ്ഥലം :
തീയ്യതി :

ഒപ്പ്

ക്വട്ടേഷൻ സമർപ്പിക്കുന്ന വ്യക്തിയുടെ പേര്